**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3586** **12-03-2025 - ൽ മറുപടിയ്ക്ക്**

**യു.ജി.സി. കരട് നയത്തിനെതിരെ നിയമ പോരാട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യു.ജി.സി. കരട് നയത്തിനെതിരെ മറ്റു സംസ്ഥാനങ്ങളുമായി യോജിച്ച് സുപ്രീംകോടതിയിൽ നിയമ പോരാട്ടം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇടപെടലുകൾ നടത്താനുള്ള കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ സമാന അഭിപ്രായമുള്ള മറ്റു സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നിയമപോരാട്ടം നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |
| (ബി) | യു.ജി.സി. കരട് നയത്തിൽ സംസ്ഥാന താൽപര്യത്തിന് വിരുദ്ധമായ ഏതെല്ലാം വ്യവസ്ഥകളാണ് റദ്ദാക്കണമെന്ന് സർക്കാർ ആവശ്യപ്പെടുന്നത്; വിശദമാക്കാമോ; | (ബി) | 2025 ലെ യു.ജി.സി ചട്ടങ്ങളുടെ കരട് പരിശോധിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം പ്രസ്തുത ചട്ടം സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കരട് റെഗുലേഷനിലെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ചാൻസിലറുടെ നോമിനി ചെയർപേഴ്സണും രണ്ട് അംഗങ്ങൾ സെലക്ഷൻ പരോക്ഷമായി കേന്ദ്ര സർക്കാർ നിയമിതരുമായിരിക്കുന്ന മൂന്നംഗ കമ്മിറ്റിയെ നിയമിക്കാനുള്ള അധികാരം ചാൻസിലർ കൂടിയായ ഗവർണർക്കാണ്. ഭരണ ഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സംസ്ഥാന സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും മേൽ നോട്ടം വഹിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. യു.ജി.സി. യുടെ പങ്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമായി പരിമിതപ്പെടുത്തേണ്ടതാണ്. അതും സർവ്വകലാശാലകളുമായി കൂടിയാലോചിച്ച് മാത്രം. കരട് ചട്ടങ്ങൾ സംസ്ഥാന സർവ്വകലാശാലകൾക്കുള്ള ഫണ്ടിങ്ങിന്റെ 80% സംഭാവന ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകളുടെ പങ്കിനെ മാറ്റി നിർത്തുക മാത്രമല്ല, സർവ്വകലാശാലകളുടെ ജനാധിപത്യ പ്രവർത്തനത്തെ അവ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളിലെ അക്കാദമിക് വൈദഗ്ധ്യത്തിന് മുൻഗണന നൽകുന്നതിന് പകരം സ്വകാര്യ മേഖലയിൽ നിന്നും വാണിജ്യ പശ്ചാത്തലത്തിൽ നിന്നുമുള്ള |

| | | | |
|---|---|---|---|
| | | | **വൈസ്ചാൻസിലർമാരെ നിയമിക്കാൻ നിർദ്ദേശിക്കുന്ന ആക്ഷേപപരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയിരിക്കുന്നു. ഇത് ഉന്നത വിദ്യാഭ്യാസത്തെ കൂടുതൽ വാണിജ്യവത്ക്കരിക്കുന്നതിനും അതിന്റെ സമഗ്രതയെ ഇല്ലാതാക്കുന്നതിനും ആത്യന്തികമായി അക്കാദമിക് സ്വാതന്ത്ര്യത്തേയും വിമർശനാത്മക ചിന്തയേയും ഇല്ലാതാക്കുന്നതിന് ഇടയാക്കും. അതിനാൽ ഈ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതും സംസ്ഥാന സർക്കാരുകളുമായും ഉന്നത വിദ്യാഭ്യാസ രംഗത്തെ എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച് പുതിയ മാർഗ നിർദ്ദേശങ്ങൾ അവതരിപ്പിക്കേണ്ടതും അടിയന്തിരമായി ആവശ്യമാണ്.** |
| (സി) | സംസ്ഥാന നിയമങ്ങളെ മറികടക്കാൻ യു.ജി.സി.ക്ക് അധികാരം ഉണ്ടോ എന്ന വിഷയത്തിൽ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | സംസ്ഥാന നിയമങ്ങളെ മറികടക്കാൻ യു.ജി.സി യ്ക്ക് അധികാരം ഉണ്ടോ എന്ന വിഷയത്തിൽ നിയമോപദേശം തേടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ